**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3203** **07-10-2025 - ൽ മറുപടിയ്ക്ക്**

**പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | തരൂർ മണ്ഡലത്തിലെ പുതുക്കോട് ഗ്രാമ പഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | പാലക്കാട് ജില്ലയിലെ തരൂർ നിയോജക മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് കളിസ്ഥലം വികസന പ്രവൃത്തിക്കായി 15.01.2025 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 87.87 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. നിസാർ. എ, കാസർഗോഡ് എന്ന കരാറുകാരനാണ് 73.38 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ മഡ് ഫുട്ബോൾ കോർട്ട്, കോമ്പൗണ്ട് വാൾ, ഫെൻസിംഗ്, ഡ്രെയിനേജ്, ഫ്ളെഡ് ലൈറ്റ്, നിലവിലുള്ള ഇൻഡോർ ഹാളിന്റെ അറ്റകുറ്റപ്പണികൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 6 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി. 2026 മാർച്ച് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ